LIBRARY ARCHIVES Kerala Legislative Assembly

തസ്തിക മാറ്റം വഴി കിട്ടേണ്ട വർക്ക്ഷോപ്പ് അറ്റൻഡർ നിയമനം

227 (919) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റിനുകീഴിൽ പ്രവർത്തിക്കുന്ന സർക്കാർ ഐ.റ്റി.ഐ.-യിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽനിന്നും തസ്തികമാറ്റംവഴി നികത്തപ്പെടേണ്ട വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിലേക്ക് 2010-ന് ശേഷം നിയമനം നടന്നിട്ടില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) സർക്കാർ ഐ.ടി.ഐ.-യിൽ ജോലി ചെയ്യുവരുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് നിയമാനുസൃതം തസ്തിക മാറ്റം മുഖേന ലഭിക്കേണ്ട വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉടൻ നടപടി സ്വീകരിക്കുന്നതാണ്.

ക്ഷേമനിധി ബോർഡുകൾക്ക് അനുവദിച്ച ഇക

228 (920) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന എത്ര ക്ഷേമനിധി ബോർഡുകൾ നിലവിലുണ്ട് ; ഓരോന്നിലും എത്ര തൊഴിലാളികൾ വീതം രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഓരോ തൊഴിലാളി ക്ഷേമനിധി ബോർഡുകൾക്കും ബഡ്ജറ്റ് വിഹിതമായി 2013-14 വർഷത്തിലും 2014-15 വർഷത്തിലും അനുവദിച്ച തുകയുടെ വിശദാംശം നൽകാമോ ;

(സി) ഓരോ തൊഴിലാളി ക്ഷേമനിധി ബോർഡുകളിൽനിന്നും വിവിധ ആനുകൂല്യങ്ങൾക്കായി എത്ര തുകയാണ് 2013-14, 2014-15 വർഷങ്ങളിൽ അനുവദിച്ചിട്ടുള്ളത് ; കണക്ക് പ്രത്യേകമായി പ്രസിദ്ധീകരിക്കാമോ ;

(ഡി) ഏറ്റവും കൂടുതൽ തൊഴിലാളികൾ രജിസ്റ്റർ ചെയ്തിരിക്കുന്ന ക്ഷേമനിധി ബോർഡ് ഏത് ; എത്ര അംഗങ്ങൾ ; വിശദാംശം നൽകാമോ ; പ്രസ്തുത ബോർഡ് 2013-14, 2014-15 വർഷങ്ങളിൽ എത്ര തുകയുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്തുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് തൊഴിൽ വകുപ്പിന് കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിച്ചുവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലാണ് ഏറ്റവും കൂടുതൽ തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ബോർഡിൽ ആകെ 2333640 അംഗങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആനുകൂല്യ വിതരണം സംബന്ധിച്ചുള്ള വിവരങ്ങൾക്ക് അനുബന്ധം കണ്ടാലും.

ഐ.ടി. കമ്പനികളിലെ തൊഴിൽ സാഹചര്യങ്ങൾ

229 (921) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.ടി. കമ്പനികളിലെയും വ്യവസായ പാർക്കുകളിലേയും തൊഴിൽ സാഹചര്യങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) വ്യവസായ പാർക്കുകൾക്ക് അനുമതി നൽകുമ്പോൾ തൊഴിൽ സാഹചര്യങ്ങൾ സംബന്ധിച്ച് എന്തെങ്കിലും വ്യവസ്ഥകൾ നിഷ്കർഷിക്കാറുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly